# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിടാത്ത</u>
<u>ചോദ്യം നം. **2415**</u>

<u>**12.02.2020** ൽ മറുപടിക്ക്</u>

### <u>ചവറ കെ.എം.എം.എൽ.-നുള്ള ഖനനാനുമതി</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി<br>ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.കെ.എം.ഷാജി<br>ശ്രീ.സി.മമ്മൂട്ടി | ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |

(എ) പൊതുമേഖലാ സ്ഥാപനമായ ചവറ കെ.എം.എം.എൽ.-നുള്ള ഖനനാനുമതി മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് റദ്ദ് ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(എ) ഇല്ല. 25.11.2019 തീയതിയിലെ സർക്കാർ ഉത്തരവ് പ്രകാരം, കെ.എം.എം.എൽ എന്ന സ്ഥാപനത്തിന് അനുവദിച്ചിട്ടുള്ള മൈനിംഗ് ലീസിന്റെ ഡീഡ് എക്സിക്യൂട്ട് ചെയ്യുന്നതിനുള്ള കാലാവധി കമ്പനിയുടെ ആവശ്യപ്രകാരം ഒരു വർഷത്തേയ്ക്ക് കൂടി നീട്ടി നൽകിയിട്ടുണ്ട്. എല്ലാ നിയമാനുസൃത അനുമതികളും സമ്പാദിച്ചിട്ടു മാത്രമേ ഖനനം നടത്താവൂ എന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്.

(ബി) സ്വകാര്യ കമ്പനികളിൽ നിന്ന് സിന്തറ്റിക് റൂട്ടൈൽ വാങ്ങുന്നതിനുവേണ്ടിയാണ് ഖനനാനുമതി റദ്ദ് ചെയ്യുന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എന്തുനടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ?

(ബി) ആക്ഷേപം വസ്തുതയല്ല.

സെക്ഷൻ ഓഫീസർ